നടപ്പിലാക്കാത്ത കേന്ദ്രാവിഷ്കൃത പദ്ധതികൾ

157 (2395) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികൃതരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും കാരണം സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് കീഴിലായി നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ അവതാളത്തിലാവുകയും ഇതുവഴി കേന്ദ്രം അനുവദിച്ച കോടികളുടെ ഫണ്ട് പാഴാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാത്തതിനാൽ ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ച കേന്ദ്ര ഫണ്ട് നഷ്ടപ്പെടുകയുണ്ടായെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ അനാസ്ഥ കാരണം കേന്ദ്ര പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തത് സംസ്ഥാനത്തിന്റെ വികസനത്തെയും തൊഴിൽ മേഖലയേയും പ്രതിസന്ധിയിലാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ചെലവിടുന്ന തുക കേന്ദ്ര സർക്കാരിൽ നിന്നും യഥാസമയം വാങ്ങിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഇനത്തിൽ എത്ര തുകയാണ് കേന്ദ്ര സർക്കാരിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ലഭിക്കാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഈ സർക്കാരിന്റെ കാല്യളവിൽ കേന്ദ്രം അനുവദിച്ച ഫണ്ട് പദ്ധതി നടപ്പിലാക്കാത്തതിന്റെ പേരിൽ തിരിച്ചടക്കേണ്ടി വന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) കേന്ദ്ര പദ്ധതികളെ സംബന്ധിച്ച് കേന്ദ്രം നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ പദ്ധതിയും ഫണ്ടും നഷ്ടപ്പെടുന്നതായി കണക്കാക്കുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും റീ-ഇംപേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്കാണ് കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരിക്കുന്നത്. എല്ലാ വർഷവും ആഗസ്റ്റ് മാസം 31-ാം തീയതിക്ക് മുമ്പായി ഒത്തുനോക്കിയ 'സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ' (SoE) അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തിന്റെ ആളോഹരി ഉപഭോഗം

158 (2396) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആളോഹരി ഉപഭോഗം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ ഔദ്യോഗിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ സ്ഥാനം ഏതാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

നാഷണൽ സാമ്പിൾ സർവ്വേ ആഫീസ് 2011-12-ൽ നടത്തിയ (68-ാം റൗണ്ട്) ഹൗസ്ഹോൾഡ് കൺസ്യൂമർ എക്സ്പെന്റിച്ചർ സർവ്വേ റിപ്പോർട്ട് (Report No.NSS.KL.(68/1.0)) പ്രകാരം ആളോഹരി ഉപഭോഗം സംബന്ധിച്ച് റൂറൽ മേഖലയിൽ കേരളം (സംസ്ഥാനങ്ങളിൽ) ഒന്നാം സ്ഥാനത്തും അർബൻ മേഖലയിൽ രണ്ടാം സ്ഥാനത്തുമാണ്. ഈ റിപ്പോർട്ട് പ്രകാരം റൂറൽ മേഖലയിലെ ആളോഹരി പ്രതിമാസ ഉപഭോഗച്ചെലവ് (Monthly per capita consumer expenditure) 2669 രൂപയും അർബൻ മേഖലയിൽ ആളോഹരി പ്രതിമാസ ഉപഭോഗച്ചെലവ് 3408 രൂപയുമാണ്.

പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധന

159 (2397) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും മേൽ ലിറ്ററൊന്നിന് ഇപ്പോൾ എത്ര വീതം നികുതി ചുമത്തി; ഇത്തരത്തിൽ നികുതി വർദ്ധിപ്പിച്ചതിലൂടെ എത്ര അധിക വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly